# CURRENT AFFAIRS

## 24 NOV 2024

### 2024 ലെ മിസ് യൂണിവേഴ്സ് കിരീടം സ്വന്തമാക്കിയത്

വിക്ടോറിയ കെയർ തെയിൽവിഗ്

- പാവയോട് സാമ്യമുള്ളതിനാൽ "ഹ്യൂമൻ ബാർബി" എന്ന് വിളിപ്പേരുള്ള വിക്ടോറിയ ഡെൻമാർക്ക് സ്വദേശിനിയാണ്.
- നൈജീരിയയുടെ സിനിഡിമ്മ അഡെറ്റ്ഷിന ഫസ്റ്റ് റണ്ണറപ്പായപ്പോൾ മെക്സിക്കോയുടെ മരിയ ഫെർണാണ്ട ബെൽട്രാൻ സെക്കൻഡ് റണ്ണറപ്പായി.
- 2024 ലെ മിസ് യൂണിവേഴ്സ് മത്സരങ്ങൾക്ക് വേദിയായത് - മെക്സിക്കോ
- മിസ് യൂണിവേഴ്സ് മത്സരങ്ങളുടെ 73-ാമത് പതിപ്പാണ് 2024ൽ നടന്നത്.
- ഇന്ത്യയെ പ്രതിനിധീകരിച്ച് 2024 ലെ മിസ് യൂണിവേഴ്സ് മത്സരത്തിൽ പങ്കെടുത്തത് - റിയ സിൻഹ (ഗുജറാത്ത് സ്വദേശിനി)
- ചരിത്രത്തിലാദ്യമായി മിസ് യൂണിവേഴ്സ് മത്സരത്തിൽ പങ്കെടുത്ത യുഎഇ പ്രതിനിധി - എമിലിയ ഡോബ്രെവ


വിക്ടോറിയ കെയർ തെയിൽവിഗ്


റിയ സിൻഹ


എമിലിയ ഡോബ്രെവ

---

### കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന്റെ 2024ലെ പുരസ്കാരങ്ങളിൽ രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനമായി തെരഞ്ഞെടുക്കപ്പെട്ടത്

കേരളം

- മത്സ്യബന്ധന മേഖലയിലെ സമഗ്രമായ ഇടപെടലുകൾ പരിഗണിച്ചാണ് കേരളത്തെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്.
- ഏറ്റവും മികച്ച മറൈൻ ജില്ലയ്ക്കുള്ള പുരസ്കാരം കൊല്ലം ജില്ല കരസ്ഥമാക്കി.

---

### 2024 നവംബറിൽ നേപ്പാൾ ആർമി ഓണററി ജനറൽ പദവി നൽകി ആദരിച്ച ഇന്ത്യൻ കരസേനാ മേധാവി

ജനറൽ ഉപേന്ദ്ര ദ്വിവേദി


ജനറൽ ഉപേന്ദ്ര ദ്വിവേദി

---

### 55-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലെ ഉദ്ഘാടന ചിത്രം

ബെറ്റർ മാൻ

- മൈക്കൽ ഗ്രേയ്സി സംവിധാനം ചെയ്ത ഈ ചിത്രം ബ്രിട്ടീഷ് പോപ് സൂപ്പർസ്റ്റാറായ റോബി വില്യംസിന്റെ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

